എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന മുഖപത്രം
www.malankaralibrary.com

# യുവജ്വാല

ത്രൈമാസ മാസിക

ലക്കം : 1



www.malankaralibrary.com

# Editorial...



## പ്രത്യാശയുടെ ഉയിർപ്പ് തിരുനാൾ

സ്നേഹത്തിന്റെയും സഹനത്തിന്റെയും പ്രത്യാശയുടെയും ഒരു ഈസ്റ്റർ ദിനം കൂടി എത്തിയിരിക്കുകയാണ്. നോമ്പിന്റെ തീഷ്ണതയും പ്രത്യാശയും നിറഞ്ഞ 50 ദിവസത്തിന്റെ കാത്തിരിപ്പുകൾ ഇന്ന് ഉയർപ്പിന്റെ സന്തോഷത്തിലേക്ക് നമ്മെ ചേർത്ത് നിർത്തിയിരിക്കുന്നു. ഈസ്റ്റർ അതിജീവനത്തിന്റെയും പ്രത്യാശയുടെയും പ്രതീകമാണ്. പ്രതീക്ഷ കൈവിടാതെ പ്രതിസന്ധികളെയും സഹനങ്ങളെയും തരണം ചെയ്യുക എന്ന ഓർമ്മ കൂടിയാണ് ഉയിർപ്പ് തിരുനാൾ നമുക്ക് നൽകുന്നത്. യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകരാണ്.

വെല്ലുവിളികൾ നിറഞ്ഞ സമൂഹത്തിലൂടെ യാത്ര ചെയ്യുമ്പോൾ കടന്നുവരുന്ന പ്രതിസന്ധികളുടെ മുന്നിൽ തളർന്നു പോകാതെ പ്രത്യാശയോടെ മുന്നേറുവാൻ നമുക്ക് സാധിക്കണം. കാൽവരി ക്രൂശിൽ കൈകാലുകൾ ആണിപ്പഴുതുകളിൽ അകപ്പെട്ടപ്പോഴും നിസ്വാർത്ഥമായ സ്നേഹത്തിന്റെ ആ വലിയ രക്ഷ ഇന്നും എന്നും കരുതലായി പ്രത്യാശയായി നമ്മുടെയൊക്കെ ജീവിതത്തിൽ ഉണ്ട്. ചുറ്റുമുള്ളവർക്ക് ആ രക്ഷയുടെ വെളിച്ചം പകർന്നു നൽകുവാനും നമുക്ക് സാധിക്കണം

പ്രത്യാശയിൽ സന്തോഷിക്കുവിൻ ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ (റോമാ 12:12)

കഷ്ടതയുടെ പാനപാത്രം കൈകളിലെന്തിയപ്പോഴും അവൻ പ്രത്യാശയോടെ കൂടി കണ്ടത് ഈ ലോകത്തിന്റെ രക്ഷയായിരുന്നു. മുൾകിരീടം തന്റെ ശിരസ്സിൽ ആഴ്ന്നിറങ്ങിയപ്പോഴും മാനവരാശിയുടെ രക്ഷ തന്റെ ലക്ഷ്യമാക്കി തന്റെ പീഡാനുഭവം പൂർത്തീകരിച്ചു. ആ വിശ്വാസം ഹൃദയത്തിൽ ഉറപ്പിച്ച് നമുക്കും ആ പ്രത്യാശയുടെ തീർത്ഥാടകരാകാം. കാരണം പീഡാനുഭവങ്ങൾ ഉള്ളവർക്കെല്ലാം ഉയിർത്തെഴുന്നേൽപ്പ് ഉറപ്പായിരിക്കും.

*ഏവർക്കും അനുഗ്രഹീതമായ ഉയിർപ്പ് തിരുനാൾ ആശംസകൾ...*

സ്നേഹപൂർവ്വം,

സുബിൻ തോമസ്
ചീഫ് എഡിറ്റർ
ജനറൽ സെക്രട്ടറി,പത്തനംതിട്ട ഭദ്രാസനം

www.malankaralibrary.com

# DIRECTOR'S VOICE..



## ഉത്ഥാനത്തിന്റെ സന്തോഷം നമ്മുടെ ഹൃദയങ്ങളിൽ

*ദൂരങ്ങൾ തീരുമ്പോഴും കാതങ്ങൾ പ്രത്യാശാഭരിതമാകണം. എങ്ങനെ ഇത് സാധ്യമാകും? സഭയുടെ പ്രത്യാശയായ യുവജനങ്ങൾ അവരുടെ ജീവിതം ക്രിസ്തുവിൽ രൂഢമൂലമാക്കുക എന്നത് മാത്രമാണ് ഉത്തരം. എന്തുകൊണ്ടാണ് നാം ഇങ്ങനെ ചിന്തിക്കുന്നത്, യുവജനങ്ങളുടെ ഈ കാലഘട്ടത്തിലെ വെല്ലുവിളികൾ തന്നെ. പ്രതീക്ഷ ഇല്ലാത്ത ചിന്തകൾ; രാഷ്ട്രീയമായ അസഹിഷ്ണുത, അഴിമതി, സ്വജനപക്ഷപാതം, യുദ്ധങ്ങൾ, അരാചകത്വം, തൊഴിലില്ലായ്മ, ഭാവി സുരക്ഷിതമല്ല എന്ന ചിന്ത. ഇതെല്ലാം നിരാശയിലേക്കും ഭയത്തിലേക്കും വിഷാദത്തിലേക്കും നയിക്കുന്നു. ക്വാറന്റയിൻ ജീവിതം അവസാനിച്ചിട്ടും കടുത്ത ഏകാന്തത അനുഭവിക്കുന്നവർ എല്ലാവരും ചുറ്റിനുമുണ്ടായിട്ടും സംസാരിക്കാൻ ആരുമില്ല എന്ന ഒറ്റപ്പെടൽ. ഇതെല്ലാം യുവജനങ്ങളെ പ്രത്യാശ നശിച്ചവരാക്കുന്നു. മരണത്തെ അതിജീവിച്ച് ഉത്ഥിതനായ ക്രിസ്തുവിൽ പ്രത്യാശ അർപ്പിക്കുന്നവർക്ക്  അവൻ പ്രതീക്ഷയുടെ പൊൻവെളിച്ചമാണ്. നിന്റെ മുടിയിഴപോലും എണ്ണപ്പെട്ടിരിക്കുന്നു എന്ന വചനം എത്ര ശക്തമാണ്. എന്നെ സൂക്ഷ്മമായ് അറിയുന്ന തമ്പുരാൻ എന്റെ കൂടെയുണ്ട് എന്നതാണ് അതിനർത്ഥം. ദൈവം എന്റെ പക്ഷത്തെങ്കിൽ ഞാൻ ഒന്നിനേയും ഭയക്കേണ്ടതില്ല. ഏതു സാഹചര്യത്തിലും എന്നെ കേൾക്കുന്ന എന്നോട് സംസാരിക്കുന്ന ഒരു ദൈവം എന്റെ കൂടെയുണ്ട്. ക്രിസ്തുവിൽ ലഭിക്കുന്ന പ്രത്യാശ സ്വന്തമാക്കണമെങ്കിൽ യുവജനങ്ങളുടെ ശ്രദ്ധ അവനിൽ തന്നെയായിരിക്കണം. എത്ര ക്ലേശം നിറഞ്ഞ സഹചര്യത്തിലൂടെയാണ് നാം പോകുന്നതെങ്കിലും ക്രിസ്തു നമ്മുടെ കൂടെയുണ്ട് ഒരു സുഹൃത്തായി. അവിടുന്ന് നമ്മെ ആശ്വസിപ്പിക്കുകയും മുന്നോട്ടുള്ള പ്രയാണത്തിൽ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. നമ്മുടെ പ്രത്യാശ ഇതല്ലാതെ മറ്റൊന്നുമല്ല. ഈ 'പ്രത്യാശയിൽ സന്തോഷിക്കുവിൻ.'*

*എങ്ങനെ ഈ പ്രത്യാശ നമുക്ക് സ്വന്തമാക്കാം? പ്രാർത്ഥന അല്ലാതെ മറ്റൊരു ഉത്തരമില്ല. യുവജനങ്ങൾ പ്രാർത്ഥനാജീവിതത്തിന് ശ്രദ്ധകൊടുക്കുക. ലൗകിക നേട്ടങ്ങളെക്കുറിച്ചുള്ള ചിന്തകളും ആകുലതകളും മാറ്റിവെച്ച് ക്രിസ്തുവിനെ നേടാൻ തുടങ്ങുമ്പോൾ ഇത് സാധ്യമാകും. വ്യക്തിപരമായ പ്രാർത്ഥനക്ക് നാം പരിശ്രവിക്കുന്നുണ്ടോ? ഇല്ലാ എങ്കിൽ അത് ആരംഭിക്കേണ്ട സമയം അതിക്രമിച്ചു. നിരാശയെ അതിജീവിക്കാൻ ദയത്തെ ദൂരീകരിക്കാൻ വിഷാദത്തെ ഇല്ലായ്മ ചെയ്യാൻ പ്രാർത്ഥനയിലൂടെ നാം കണ്ട്മുട്ടുന്ന ഈശോക്ക് മാത്രമെ കഴിയൂ. നമ്മുടെ വി.കുർബാന അർപ്പണവും അനുഭവവും ഇമ്മാനുവേലായ ദൈവത്തിന്റെ സാന്നിധ്യ സ്മരണയിൽ ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. തിരുവചന വായനയും പഠനവും നമ്മെ ജ്ഞാനത്തിന്റെ നിറവിൽ പ്രകാശപൂരിതരാക്കുന്നു.*

*യുവജനങ്ങളെ ക്രിസ്തീയ ജീവിതം പ്രത്യാശയുടെ ജീവിതമാണ്. യേശു പഠിപ്പിച്ച മുല്യങ്ങൾ പിൻതുടരുവാനുള്ള ജീവിത ശൈലി നമ്മിൽ രൂപപ്പെടുത്തേണ്ടത് കാലഘട്ടത്തിന് അനിവാര്യമായിരിക്കുന്നു. പ്രത്യാശ നശിച്ചവരെപ്പോലെയല്ല പ്രത്യാശയുടെ തീർത്ഥാടകരായി നമുക്ക് ഒരുമിച്ച് മുന്നേറാം. ക്രിസ്തുവാണ് എന്റെ പ്രത്യാശ! ദൈവം അനുഗ്രഹിക്കട്ടെ*

*സ്നേഹപൂർവം,*

*ജോബച്ചൻ*

*ഡയറക്ടർ*

*എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം*

www.malankaralibrary.com

# PRESIDENTIAL DESK



## ഉയിർപ്പിന്റെ പ്രത്യാശയിൽ......
## തീർത്ഥാടകയായ യുവജന സഭ

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമായ കർത്താവിന്റെ ഉയിർപ്പ് തിരുന്നാൾ സ്മരണയിലൂടെ ക്രൈസ്തവ സമൂഹം കടന്നു പോകുന്നു. പ്രത്യാശയുടെ സന്ദേശമാണ് ഓരോ ഉയിർപ്പ് പെരുന്നാളും നമുക്ക് പ്രദാനം ചെയ്യുന്നത്. മരണത്തിന് മേലും വിജയം വരിച്ച് മിശിഹാ കർത്താവ് ഉയർത്തെഴുന്നേറ്റത്തിന്റെ പ്രത്യാശ. ത്യാഗപൂർണ്ണമായ പീഡാനുഭവത്തിന്റെ പൂർത്തീകരണമായിട്ടാണ് നാം ഉയിർപ്പ് പെരുന്നാൾ കൊണ്ടാടുന്നത്. അതുകൊണ്ടുതന്നെ ക്രൈസ്തവ ജീവിതത്തെയും വിശ്വാസ ജീവിതത്തെയും ശക്തിപ്പെടുത്തുന്ന യാഥാർത്ഥ്യമായി അത് മാറണം.മാനവരാശിക്ക് രക്ഷയുടെ അടയാളം പ്രദാനം ചെയ്യുവാൻ വേണ്ടിയാണ് അവിടുന്ന് പീഡാനുഭവവും കുരിശു മരണവും വരിച്ചത്. അതുകൊണ്ടുതന്നെ 50 ദിവസത്തെ പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും പരിത്യാഗത്തിന്റെയും അവസാനത്തിൽ ലോകത്തിനു മുഴുവൻ രക്ഷയായ നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തെ നാം അനുസ്മരിക്കുന്നു. നമ്മുടെ കർത്താവ് മരണത്തെയും സാത്താനെയും തോൽപ്പിച്ച വലിയ പെരുന്നാൾ.

ക്രൈസ്തവരുടെ ആദ്യത്തെ ആഘോഷമാണ് ഈസ്റ്റർ. ഉത്ഥാന പെരുന്നാൾ നമുക്ക് വലിയ സന്തോഷം നൽകുന്നു . പക്ഷേ നാം ഓർക്കേണ്ട വസ്തുത എന്തെന്നാൽ അത് സഹിക്കുന്നവർക്കുള്ള സന്തോഷമാണ്. സഹനങ്ങൾ ഇല്ലാത്തിടത്ത് ഉത്ഥാനവുമില്ല . ഇന്നു നാം സഹനങ്ങൾ ഇല്ലാത്ത ഉത്ഥാനത്തെ കുറിച്ചാണ് ചിന്തിക്കുന്നത് പക്ഷേ സഹനങ്ങളുടെ മുദ്ര ആവരണം ചെയ്യുന്നതാണ് ഉയിർപ്പിന്റെ ലക്ഷണം. അതിനാൽ ഉയിർപ്പ് സഹനങ്ങളുടെ വഴിയിലൂടെയുള്ള യാത്രയാണെന്ന് നാം തിരിച്ചറിയണം.

ആധുനിക കാലഘട്ടത്തിൽ യുവജന സഭ എവിടെയൊക്കെയോ പ്രതീക്ഷകൾ നഷ്ടപ്പെട്ടവരുടെ ഒരു സമൂഹമായി മാറ്റപ്പെടുന്നു. അതുകൊണ്ടുതന്നെ ദൈവം ദാനമായി തന്ന ജീവിതത്തെ ജീവിതയാത്രയുടെ പാതിവഴിയിൽ വച്ച് നാം സ്വയം നഷ്ടപ്പെടുത്തുന്നു. ഇപ്രകാരം പ്രതീക്ഷകൾ നഷ്ടപ്പെടുമ്പോൾ നാം മനസ്സിലാക്കേണ്ട ഒരു വലിയ യാഥാർത്ഥ്യമുണ്ട്, 'ക്രിസ്തു മരിച്ചിട്ടാണ് ഉത്ഥാനം ചെയ്തത്". കുരിശുമരണം അല്ലാതെയുള്ള ഒരു വഴി ക്രിസ്തുവിന് തിരഞ്ഞെടുക്കാമായിരുന്നു. പക്ഷേ അതെല്ലാം സന്തോഷത്തോടെ അവിടുന്ന് സ്വീകരിച്ചത് ' ഇതാണ് തന്റെ പിതാവിന്റെ പദ്ധതി എന്ന് അറിഞ്ഞതുകൊണ്ടാണ്". 'പിതാവേ അങ്ങേയ്ക്ക് ഇഷ്ടമില്ലെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ......എങ്കിലും എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ' (ലൂക്കാ 22/42) എന്നാണ് അവിടുന്ന് പീഡാനുഭവത്തിന്റെ അതിതീവ്രതയിലും പ്രാർത്ഥിച്ചത്.ഇത്തരത്തിൽ ദൈവഹിതം അനുസരിച്ച് ക്രിസ്തുവിനോട് ചേർന്ന് മരിക്കാതെ ആർക്കും ഉത്ഥാന അനുഭവം പ്രതീക്ഷിക്കാനാവില്ല. അതുകൊണ്ട് യുവജനങ്ങളായ നാം മനസ്സിലാക്കുക, നമ്മുടെ സംഘർഷങ്ങളും, സങ്കടങ്ങളും,വേദനകളും എല്ലാം പ്രതീക്ഷ നഷ്ടപ്പെടുത്തുന്ന അവസ്ഥകൾ സൃഷ്ടിച്ചേക്കാം. എന്നാൽ ക്രിസ്തുവിനെപ്പോലെ അത്തരം അനുഭവങ്ങളിലൂടെ നാം കടന്നു പോകുമ്പോൾ അവിടുത്തെ ഉത്ഥാന അനുഭവം നമുക്ക് സ്വന്തമാക്കാൻ സാധിക്കും.ഉയിർപ്പിന്റെ പ്രത്യാശയുടെ തീർത്ഥാടകരായി നമുക്ക് യാത്ര ചെയ്യാം. ആ യാത്രയിൽ നാം അനുഭവവേദ്യമാക്കുന്ന ക്രിസ്താനുഭവം നമുക്ക് മറ്റുള്ളവർക്ക് പകർന്നു നൽകാം. പ്രാർത്ഥനയിൽ നമുക്ക് പരസ്പരം ബലപ്പെടുത്താം.

യേശുവിന്റെ സ്നേഹത്തിൽ,

***ബിബിൻ എബ്രഹാം***
*പ്രസിഡന്റ്*
*എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം*

www.malankaralibrary.com



ലേഖനം

# യുവജനങ്ങൾ :പ്രത്യാശയുടെ തീർത്ഥാടകർ

അലീന എലിസബത്ത് മാത്യു
ഇലന്തൂർ യൂണിറ്റ് അംഗം

പ്രതീക്ഷയുടെ നാമ്പുകൾക്ക് തളിരിടാൻ ഇനിയും ഇടമുണ്ടെന്ന് നമ്മെ ഓർമിപ്പിക്കാൻ ഒരു കാലം- ഈസ്റ്റർ. അന്ധകാരത്തിനു മേൽ, വെളിച്ചം വിജയം വരിച്ച ഉത്ഥാനത്തിന്റെ ഈ മഹനീയ വേളയിൽ, ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു.

ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യം, ഭയചകിതരായിരുന്ന ശിഷ്യ സമൂഹത്തിൽ അനിർവചനീയമായ ഒരു മാറ്റം സൃഷ്ടിച്ചു. സ്വർഗം ഹൃദയത്തിൽ ചൊരിഞ്ഞു നൽകുന്ന സമാധാനത്തിന്റെയും പ്രത്യാശയുടെയും ആ ചൈതന്യം തിരിച്ചറിയാനും പുതിയ മാറ്റങ്ങൾക്കും പുതിയ തുടക്കങ്ങൾക്കും ശക്തി സ്വരൂപിക്കാനും ഈസ്റ്റർ നമ്മെ ഒരുക്കുന്നു.

ജീവിതത്തിലെ ഏറ്റവും മനോഹരവും പ്രവർത്തനോജ്വലവുമായ കാലഘട്ടമാണ് യുവത്വം. വി. ബനഡിക്ടിന്റെ വാക്കുകളിൽ'ഏറ്റവും നല്ലത് എന്തോ അത് കർത്താവ് മിക്കപ്പോഴും ചെറുപ്പക്കാർക്ക് വെളിപ്പെടുത്തി കൊടുക്കുന്നു'. ദൈവികമായ ഒരു സ്വരം ശ്രവിച്ചെങ്കിൽ മാത്രമേ , ജീവിതത്തിൽ നന്മ കണ്ടെത്തി മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളു.

'നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ(1 പത്രോസ് 5:4) എന്നൊരു ഉപദേശം വി. പത്രോസ് ശ്ലീഹായിലൂടെ വചനം യുവാക്കൾക്കു നൽകുന്നുണ്ട്. പ്രത്യാശ നഷ്ടപ്പെട്ട് വരണ്ടുണങ്ങിയ അനേകം ജീവിതങ്ങൾ, ഇന്ന് നമ്മുക്ക് ചുറ്റുമുണ്ട്. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം നിശബ്ദമായി പോകുന്ന അന്തരീക്ഷം സംജാതമാകുന്നുണ്ട്. വിശ്വാസത്തിൽ ഉറച്ചുനിൽ ക്കുന്ന, മൂല്യ ബോധമുള്ള ഒരു യുവ തലമുറ, ദൈവദത്തമായ ദിശാബോധം സീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണ് നാം ഇവിടെ ചിന്തിക്കേണ്ടത്.

കർമനിരതമായ ഒരു യുവജനതയ്ക്കാണ് സമൂഹത്തിൽ മാറ്റത്തിന്റ ചാലക ശക്തിയാകുവാൻ സാധിക്കുക. അനന്തസാധ്യതകളുടെ വാതായനങ്ങൾ നമുക്കു ചുറ്റും തുറന്നു കിടക്കുകയാണ്. ആവേശത്തോടെയും നിശ്ചയദാർഢ്യത്തോടെയും നമ്മുടെ ലക്ഷ്യങ്ങൾ പിന്തുടരാൻ നമ്മുക്ക് സാധിക്കണം. പ്രത്യാശയുടെ കിരണങ്ങളെ ദ്യോതിപ്പിക്കുന്ന ഉത്സാഹവും ഊർജവും ശുഭാപ്തി വിശ്വാസവുംകൈമുതലായി ഉണ്ടെങ്കിൽ പ്രതിസന്ധി ഘട്ടങ്ങളെ അതിജീവി ക്കുവാനും തിരിച്ചടികളിൽ പതറാതെ നിൽക്കുവാനും നമുക്ക് കഴിയും.

www.malankaralibrary.com

ഇന്ന് ലോകവും സഭയും ആഗ്രഹിക്കുന്ന, നന്മയ്ക്കായുള്ള പരിവർത്തനങ്ങൾ യുവജനങ്ങളുടെ കൈകളിലാണ് നല്കപ്പെട്ടിട്ടുള്ളത്. വിശുദ്ധിയുള്ള ജീവിതത്തിലേക്ക് പ്രവേശിക്കണമെങ്കിൽ യുവജനങ്ങൾ ഇന്നിന്റെ സാമൂഹിക പ്രതിസന്ധി കൾക്കെതിരെ പോരാടണം. നീതിക്കു വേണ്ടി പോരാടാൻ, സമൂഹത്തെ സ്നേഹിക്കാൻ മന്ദതയിൽ നിന്നുണർന്ന് തീക്ഷ്ണതയോടെ മുന്നേറാൻ, ദൈവത്തിന്റെ കരുണയിൽ അഭയം തേടാൻ അങ്ങനെ സാധ്യമാകുന്ന നന്മകൾ പകർന്നു ജീവിക്കുവാൻ നമുക്ക് കഴിയണം.

ജീവിതത്തിൽ പ്രത്യാശയാണ് ഒരാളെ ശരിയായ ദിശയിൽ ജീവിക്കുവാൻ പ്രേരിപ്പിക്കുക. ക്രിസ്തുവിന്റ രക്ഷാകരരഹസ്യങ്ങൾ നാം ഈ ദിനങ്ങളിൽ ധ്യാനിക്കുകയായിരുന്നു. പ്രത്യാശയോടെ അവനെ സമീപിച്ചവർക്കൊക്കെ സ്വർഗീയ സാന്നിധ്യം അനുഭവവേദ്യമാവുകയും അത്ഭുതങ്ങളും അടയാളങ്ങളും ദർശിക്കുവാൻ സാധിക്കുകയും ചെയ്തു. പ്രത്യാശ നഷ്ടപ്പെട്ട് എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരെയും വചനം കാണിച്ചു തരുന്നുണ്ട്. നഷ്ടപ്പെട്ടു പോയ പ്രതീക്ഷയും ധൈര്യവും അവർക്കു നൽകി, അവരെ തിരികെ ശരിയായ പാതയിലേക്ക് ക്രിസ്തു നയിക്കുന്നു. പ്രത്യാശ ഒരു കാത്തിരിപ്പാണ്. നന്മയ്ക്കു വേണ്ടിയുളള കാത്തിരിപ്പ്. നന്മ തന്നെയായ ദൈവത്തിനുവേണ്ടിയുള്ള കാത്തിരിപ്പ്.


പ്രത്യാശയുടെ വാഹകരായി തീർത്ഥയാത്ര ചെയ്യുവാൻ വിളിക്കപ്പെട്ട നാമോരോരുത്തരു ദൈവീക പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവരാണ്. നാം ഒരുമിച്ച് യാത്ര ചെയ്യുകയാണ്. വിശാലമായ ഈ ലോകത്തിന്റെ അതിർത്തികളോളം നമ്മുടെ ശബ്ദം പ്രതിധ്വനിക്കേണ്ടതായുണ്ട്. അരക്ഷിതാവസ്ഥയുടെ ചട്ടക്കൂടുകളിൽ നിശബ്ദരാക്കപ്പെട്ടവർക്കും, യുദ്ധമുഖങ്ങളിൽ തളർന്നു വീണവർക്കും, ജീവിതവും ആത്മാവും നഷ്ടപ്പെട്ടു പോയവർക്കും, ലഹരിയുടെ പാപസാഹചര്യങ്ങളിൽ വീണു പോയവർക്കും, അങ്ങനെ വിവിധങ്ങളായ ഇടങ്ങളിൽ പ്രത്യാശയുടെ സുവിശേഷവുമായി ഇറങ്ങിത്തിരിക്കാൻ നാം സന്നദ്ധരാവണം.

അറിവനുസരിച്ച് ജീവിക്കുവാനുള്ള നല്ല മനസ് രൂപപ്പെടുത്തുകയും അവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കുകയും കഠിനാധ്വാനം ചെയ്തുകൊണ്ട് നന്മ പകരുകയും ചെയ്യുവാൻ നമുക്കു സാധിച്ചാൽ പ്രതിസന്ധികളെ മറികടക്കുവാൻ വലിയ പ്രയാസം നേരിടേണ്ടിവരികയില്ല. ഇപ്രകാരമുള്ള ജീവിതത്തിന്റെ ഉടമകളാകാൻ ആത്മാർത്ഥമായി അധ്വാനിക്കാനുള്ള കടമ ഓരോ യുവാവിനും യുവതിക്കുമുണ്ട്. തിളക്കമാർന്ന വ്യക്തിത്വം രൂപപ്പെടുത്തി കുടുംബത്തിനും സഭയ്ക്കും സമൂഹത്തിനും നാടിനും നന്മയും ശാന്തിയും ഐശ്വര്യവും നൽകുവാനുള്ള വെല്ലുവിളി നാം ഏറ്റെടുക്കണം. നമ്മുടെ ആധ്യാത്മിക ജീവിതവും മതാത്മക ജീവിതവും ഈ നന്മയെ മുൻ നിർത്തിയുള്ളതായിരിക്കണം.

ഒരു വ്യക്തി ഏറ്റവും സ്നേഹിക്കുന്നതിനെയും അവനുള്ള ഏറ്റവും ഉത്തമമായതിനെയുമാണ് ദൈവം ചോദിക്കുന്നത്. അത് കൊടുക്കുന്നതാണ് ദൈവത്തെ സ്നേഹിക്കുന്നു എന്നതിന്റെ പ്രകടമായ തെളിവ്. ഒരു വ്യക്തിയുടെ ഏറ്റവും നല്ലതും അവൻ സ്നേഹിക്കുന്നതുമായ പ്രായമാണ് യുവത്വം. അത് കർത്താവിനു കൊടുക്കുക എന്നത് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമാണ്.

പ്രിയമുള്ള യുവജനങ്ങളെ ക്രിസ്തുവിനു നമ്മെത്തന്നെ പൂർണമായി സമർപ്പിക്കാൻ നമുക്കു സാധിക്കണം. നമ്മിലുള്ള അപൂർണതകളെ പൂർണതകളാക്കി മാറ്റി, നന്മയുള്ള വ്യക്തിത്വങ്ങളായി നമ്മെ രൂപാന്തരപ്പെടുത്തുവാൻ ക്രിസ്തു ആഗ്രഹിക്കുന്നുണ്ട്. വിട്ടു കൊടുക്കാൻ നാം തയ്യാറാകുന്നിടത്ത് അത്ഭുതങ്ങൾ ദർശിക്കുവാൻ നമുക്കു കഴിയും. ഈ യാത്രയിൽ ക്രിസ്തുവിന്റെ കരങ്ങൾ ചേർത്തുപിടിച്ച് നമുക്ക് ഒരുമിച്ച് നടക്കാം. പ്രത്യാശയുടെ പാഥേയവും കയ്യിലെടുത്ത്, ഒരേ ലക്ഷ്യത്തിലേക്ക് തീർത്ഥാടകരായി മുന്നേറാം. സത്യവും നന്മയും തേടിയുള്ള യാത്ര ശുഭപ്രതീക്ഷയോടെ, ഒരു മനസോടെ പൂർത്തിയാക്കാം.

www.malankaralibrary.com



ലേഖനം

*ദിഖിൽ സാബു വർഗ്ഗീസ്*
*പന്തളം വൈദിക ജില്ല,*
*ഭദ്രാസന സിൻഡിക്കേറ്റ്*

# ഉയിർപ്പിക്കപ്പെട്ട ക്രിസ്തുവും പങ്കുവെക്കപ്പെടുന്ന മുട്ടയും

"കർത്താവ് സ്ഥാപിച്ച ദിവസം ഇതാകുന്നു. വരുവിൻ നമുക്ക് ഇതിൽ സന്തോഷിക്കാം. ഇതുപോലെ മുമ്പ് ഒരുദിവസമുണ്ടാ യിട്ടിയല്ല. ഇനിയും ഇതിന് തുല്യം മറ്റൊന്നു ഉണ്ടാവുകയുമില്ല. ഇതു മഹത്തരമായ പെരുന്നാളും എല്ലാ പെരുന്നാളുകളുടേയും അഭിമാനവുമാകുന്നു." കർത്താവിന്റെ ഉയിർപ്പ് പെരുന്നാളിനെ കുറിച്ച സുറിയാനി സഭാ പിതാക്കന്മാർ പറഞ്ഞ വാക്കുകളാണിവ. അതെ ക്രൈസ്തവരുടെ വലിയ പെരുന്നാൾ, പെരുന്നാളുകളുടെ പെരുന്നാൾ എന്ന് അറിയപ്പെടുന്ന ഉത്ഥാന പെരുന്നാളിന്റെ മട്ടും ഭാവവും ഇന്ന് മാറിയിരിക്കുന്നു. ഈസ്റ്റർ ഇമെജ് എന്ന് ഗൂഗിളിൽ സെർച്ച് ചെയ്താൽ നമുക്ക് ലഭിക്കുന്നത് കുറെ മുട്ടയും മുയലും അടങ്ങിയ ഹാപ്പി ഈസ്റ്റർ ചിത്രങ്ങളാണ്. പലരും ഈ ചിത്രങ്ങൾ തന്നെയാണ് ആശംസകൾ അറിയിക്കാൻ പങ്കു വെക്കുന്നതും. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥനം എന്ന് പറയുന്നത് യേശു ക്രിസ്തുവിന്റെ ഉത്ഥാനമാണ്. വി. പൗലോസ് ശ്ലീഹാ വ്യക്തമായി അത് പറയുന്നു 'ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർഥം. ഇത്രേം പ്രാധാന്യം അർഹിക്കുന്ന ഉത്ഥാന പെരുന്നാളിന്റെ യഥാർത്ഥ കാരണക്കാരനായ ക്രിസ്തുവിനെ മാറ്റി നിർത്തി പ്രാദേശികമായി രൂപപ്പെട്ട ഇത്തരം പ്രതികങ്ങൾ/രീതികളെ പ്രോത്സാഹിപ്പിക്കു ന്നതിന് പറ്റി നാം വിശദമായി ചിന്തിക്കേണ്ടി ഇരിക്കുന്നു. സമാനമായ രീതിയാണ് ജനന പെരുന്നാളിനും സംഭവിച്ചിരിക്കുന്നത്. ഉണ്ണി യേശുവിന്റെയും പുൽക്കൂടിന്റെയും സ്ഥാനത്തു സാന്താക്ലോസ് ഇടം പിടിച്ചിരിക്കുന്നു.ഉയിർപ്പ്

www.malankaralibrary.com

ശുശ്രൂഷയിൽ പങ്കു എടുക്കേണ്ട വിശ്വാസികൾ ഇന്ന് മുട്ട പുഴുങ്ങുന്ന തിരക്കിലാണ്. കുർബാന കഴിയാൻ നോക്കി ഇരിക്കുകയാണ് ഇന്ന് മുട്ടകൾ കൊടുക്കാൻ വേണ്ടി. സ്റ്റാറ്റസുകൾ ഇടുമ്പോഴും മുട്ടയുടെ ചിത്രം ഇട്ടുകൊണ്ട് ഹാപ്പി ഈസ്റ്റർ പറയാനാണ് നമുക്കും ഇഷ്ടം. ഈ ഒരു ദിവസം പോലും ക്രിസ്തുവിനെ പങ്കു വെക്കുവാൻ നമുക്ക് സാധിക്കുന്നില്ല.

എന്ന് മുതലാണ് ഇത്തരത്തിലുള്ള രീതികൾ നമ്മുടെ ഇടയിൽ സ്ഥാനം പിടിച്ചത് ? ഈസ്റ്റർ മുട്ടയുടെ ചരിത്രത്തെ കുറിച്ചു ചിന്തിക്കുമ്പോൾ രണ്ട് വിശദീകരണങ്ങൾ ആണ് കാണുന്നത്. ഒന്ന് മെസ്സപ്പൊട്ടാമിയയുടെ വടക്കേ ഭാഗത്തുള്ള അസ്സീറിയ ദേശത്തെ ദേവതയായി അവർ കണ്ടിരുന്ന ഇഷ്ത്താറിന്റെ പ്രതീകമായി അസ്സീറിയന്മാർ ഉപയോഗിച്ചിരുന്നതാണ് മുട്ട. പിന്നീട് ക്രിസ്തുമതം അവിടെ കടന്നു വന്നപ്പോൾ ജീവന്റെ പ്രതീകമായി മുട്ടകൾ ക്രൈസ്തവർ ഉപയോഗിച്ചിരുന്നു എന്ന് പറയപ്പെടുന്നു. ഇതേപോലെ യൂറോപ്പിൽ വിജാതിയരുടെ പ്രത്യുൽപ്പാദന ദേവനായ ഈസ്റ്റർ (ഈസ്റ്റോറി) ൽ നിന്നാണു ഈസ്റ്റർ മുട്ടകളും മുയലുകളും ഉണ്ടായത്. മുട്ടയും ബണ്ണിയും (മുയൽ) ആണു ഈസ്റ്റർ ദേവന്റെ അടയാളങ്ങൾ. വസന്ത കാലം തുടങ്ങുമ്പോൾ ആണ് മുട്ടകളും മുയൽ കുഞ്ഞുങ്ങളും വർധിക്കുന്നത്. അതിനാൽ ഇവർ മാർച്ച് 21 നു ആണ് ഇവർ മുട്ടയും മുയലിനെയും ഒരുക്കി ഈസ്റ്റർ ദേവനെ ആരാധിച്ചിരുന്നത്.

ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. മുട്ട പങ്കിടുന്നത് ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമായി ആരംഭിച്ച ഒരു രീതി അല്ലാ. ഇവ വിജാതിയ രീതിയാണ്. ഇവയിലൂടെ യേശുക്രിസ്തുവിനെയാണ് നമുക്ക് നഷ്ടപ്പെടുന്നത്. ഇതേ ക്രിസ്തുവിനെയാണ് നാം പങ്കുവെക്കേണ്ടതും. ഉത്ഥിതനായ കർത്താവിന്റെ ചിത്രം പങ്കിടാൻ നാം ലജ്ജിക്കുന്നത് കൊണ്ടാണ് ഇത്തരത്തിലുള്ള മുട്ടകൾ നമ്മുടെ ഇടയിൽ സ്ഥാനം പിടിക്കുന്നത്. ഇവിടെ സകല ജനതകളോടും സുവിശേഷം പ്രഘോഷിക്കണം എന്ന് കർത്താവു നൽകിയ ദൗത്യത്തിൽ നാം പരാചിതരാകുന്നു. ഈ കാലഘട്ടത്തിൽ സാമൂഹിക മാധ്യമങ്ങളിലൂടെ സുവിശേഷം പ്രസംഗിക്കാൻ നമുക് സാധിക്കട്ടെ. ഒരു ചിത്രത്തിലൂടെ എങ്കിലും ക്രിസ്തുവിനെ നമുക്ക് മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കാൻ സാധിക്കുന്നു എങ്കിൽ സുവിശേഷ പ്രഘോഷണത്തിൽ നാം വിജയിക്കും. അതിനാൽ യാതൊരു ചമ്മലും മടിയും കൂടാതെ ഉയർപ്പിക്കപ്പെട്ട ക്രിസ്തുവിനെ പങ്കിടാൻ നമുക്ക് സാധിക്കട്ടെ. അടുത്ത വർഷം പള്ളികളിൽ ഈസ്റ്റർ ആഘോഷങ്ങൾ ഇവ ഉള്ള കൊണ്ട് വളരെ ശ്രദ്ധയോടെ ആഘോഷിക്കാൻ നമുക്ക് കഴിയട്ടെ.

www.malankaralibrary.com



## എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന ത്തിന്റെ വാർഷിക സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു.




എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ 2023 പ്രവർത്തന വർഷത്തെ വാർഷിക സെനറ്റ് സമ്മേളനം 2024 ജനുവരി 13-ാം തീയതി വടശ്ശേരിക്കര ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9 മണിക്ക് പത്തനംതിട്ട ഭദ്രാസനത്തിന്റെ ആനിമേറ്റർ സിസ്റ്റർ.ജൊവാൻ എസ്.ഐ.സി. എം.സി.വൈ.എം പതാക ഉയർത്തി.ഭദ്രാസന പ്രസിഡന്റ് ശ്രീ. അജോഷ് എം തോമസ് അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ പത്തനംതിട്ട ഭദ്രാസന വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട മോൺ. വർഗീസ് മാത്യു കാലായിൽ വടക്കേതിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് 2022-23 സമിതിയുടെ പ്രവർത്തന റിപ്പോർട്ട് അടങ്ങിയ 'പാദ മുദ്രകൾ' എന്ന ബുക്ക്ലെറ്റ് പ്രകാശനം ചെയ്തു. 2022-23 ഭദ്രാസന സമിതിയിൽ നിസ്തുല സേവനമനുഷ്ഠിച്ച അംഗങ്ങൾക്ക് സ്നേഹസമ്മാനം വേദിയിൽ വച്ച് നൽകുകയും ചെയ്തു. മീറ്റിംഗിന് ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ ബിബിൻ എബ്രഹാം സ്വാഗതം ആശംസിക്കുകയും ഭദ്രാസന ഡയറക്ടർ ഫാ.ജോബ് പതാലിൽ ആമുഖ സന്ദേശം നൽകുകയും ചെയ്തു.

### പാദ മുദ്രകൾ...



2022-23 ഭദ്രാസന സമിതിയുടെ പ്രവർത്തന റിപ്പോർട്ട് അടങ്ങിയ 'പാദ മുദ്രകൾ' എന്ന ബുക്ക്ലെറ്റ് വാർഷിക സെനറ്റ് സമ്മേളന വേദിയിൽ വച്ച് പത്തനംതിട്ട ഭദ്രാസന വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട മോൺ. വർഗീസ് മാത്യു കാലായിൽ വടക്കേതിൽ പ്രകാശനം ചെയ്തു.

## എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നവ നേതൃത്വം സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു.




എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ 2024- 25 വർഷത്തെ നവ നേതൃത്വം പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ സാമൂവേൽ മാർ ഐറേനിയോസ് പിതാവിന്റെ മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് ചുമതലഎറ്റെടുത്തു. 2024 ജനുവരി 14-ാംതീയതി വൈകുന്നേരം 4 മണിക്ക് പത്തനംതിട്ട ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ട ചടങ്ങിൽ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, വികാരി ജനറാൾ മോൺ. വർഗീസ് മാത്യു കാലായിൽ വടക്കേതിൽ, ഭദ്രാസന ഡയറക്ടർ ഫാ.ജോബ് പതാലിൽ, അസി.ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ,ആനിമേറ്റർ സി.ജൊവാൻ എസ്.ഐ.സി. ഭദ്രാസന പ്രൊക്യൂറേറ്റർ ഫാ.എബ്രഹാം മേപ്പുറത്ത്, വന്ദ്യ വൈദികർ എന്നിവർ സന്നിഹിതരായിരുന്നു .

### ഭരണഘടന പ്രകാശനം



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന ഭരണഘടന ഭേദഗതിചെയ്ത് പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത 2022-23 സമിതി പ്രസിഡന്റ് ശ്രീ. അജോഷ് എം.തോമസിന് നൽകികൊണ്ട് പ്രകാശനം ചെയ്തു.

### രൂപതാ ദിനത്തിന്റെ ആശംസകൾ നേർന്ന് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി




പത്തനംതിട്ട ഭദ്രാസനത്തിന്റെ രൂപത ദിനാഘോഷവുമായി ബന്ധപ്പെട്ട് ജനുവരി 14-ാം തീയതി ബിഷപ്പ്സ് ഹൗസിൽ വച്ച് ഭദ്രാസന സമിതി ഒന്നിച്ച് അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തയെ സന്ദർശിക്കുകയും, യുവജനസഭയുടെ സ്നേഹസമ്മാനം അഭിവന്ദ്യ പിതാവിന് നൽകുകയും ചെയ്തു.തദവസരത്തിൽ ഭദ്രാസന സമിതിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും അഭിവന്ദ്യ പിതാവ് ആശംസകളും,പ്രാർത്ഥനയും നേർന്നു. ഭദ്രാസന ഡയറക്ടർ ഫാ.ജോബ് പതാലിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ.സ്കോട്ട് സ്ലീബ പുളിമൂടൻ,ആനിമേറ്റർ സിസ്റ്റർ.ജൊവാൻ എസ്.ഐ.സി,ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം,മുൻ ഭദ്രാസന പ്രസിഡന്റ് അജോഷ് എം.തോമസ്, മറ്റ് ഭദ്രാസന ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

### സുവിശേഷത്തിന് വേണ്ടി രക്തസാക്ഷിത്വം വരിച്ച ഗ്രഹാം സ്റ്റെയിൻസിന്റെയും കുടുംബ ത്തിന്റെയും ഓർമ്മകൾക്ക് മുൻപിൽ പ്രണാമം അർപ്പിച്ച് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനം







ഭാരതത്തിൽ സുവിശേഷത്തിന്റെ വിത്തുകൾ വിതയ്ക്കുക എന്ന ലക്ഷ്യവുമായി എത്തിയ ഗ്രഹാം സ്റ്റെയിൻസ് എന്ന സുവിശേഷകനെയും അദ്ദേഹത്തിന്റെ കുടുംബത്തെയും ഒറീസായിൽ വെച്ച് തീ ഇട്ട് കൊലപെടുത്തിയിട്ട് 25 വർഷങ്ങൾ പിന്നിടുന്നു. ആ കറുത്ത ദിനത്തിന്റെ ഓർമ്മകൾ ഇന്നും മായാതെ ഒരു വേദനയായി നിൽക്കുന്നു. ലോകത്തും ഭാരതത്തിൽ ഉടനീളവും ഈ 25 വർഷങ്ങൾക്ക് ശേഷവും ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നു എന്നുള്ളത് യാഥാർത്ഥ്യമായ കാര്യമാണ്. സുവിശേഷത്തിന് വേണ്ടി ജീവൻ നൽകിയ ഗ്രഹാം സ്റ്റെയിൻസിന്റെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും ഓർമ്മകൾക്ക് പ്രണാമം അർപ്പിച്ചുകൊണ്ട് എം. സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി പ്രാർത്ഥന നടത്തി. ഭദ്രാസന പ്രസിഡന്റ് ശ്രീ. ബിബിൻ എബ്രഹാം അദ്ദേഹത്തിന്റെ ജീവിതത്തെ പറ്റി വിവരിച്ചു. ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ഭദ്രാസന

www.malankaralibrary.com

അസിസ്റ്റന്റ് ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ , ഭദ്രാസന സിസ്റ്റർ ആനിമേറ്റർ സി. ജോവാൻ എസ്.ഐ.സി., ജില്ലാ ഡയറക്ടർമാരായ ഫാ. ഫിലിപ്പോസ് ചരുവുപുരയിടത്തിൽ, ഫാ.വിൽസൺ മേലേടത്ത്,ഫാ. ജോർജ് കുളത്തുംകരോട്ട്,സി. ഷാരോൺ എസ്.ഐ.സി.. സി. ജ്യോതി എസ്.ഐ.സി. സിസ്റ്റർ നോബിൾ എസ്.ഐ.സി., ഭദ്രാസന ഭാരവാഹികൾ വൈദിക ജില്ല പ്രസിഡന്റ്,സെക്രട്ടറി സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## സിൻഡിക്കേറ്റ് മീറ്റിംഗ്



ഭദ്രാസന തലത്തിലെ പ്രവർത്തനങ്ങൾ കൂടുതൽ ചടുലവും, ഊർജ്ജസ്വലവും ആക്കുന്നതിന് വേണ്ടിയും,പ്രവർത്തന വർഷത്തെ കർമ്മ പരിപാടികൾ ആലോചിച്ച് നടപ്പിലാക്കുന്ന തിനും ആയി ജനുവരി 21-ാം തീയതി ഉച്ചയ്ക്ക് ശേഷം 2.30 ന് ആഞ്ഞിലിക്കുന്ന് ദൈവാലയത്തിൽ വച്ച് ജില്ലാ ഡയറക്ടർ,ആനിമേറ്റർ സിസ്റ്റേഴ്സ്, ജില്ലാ പ്രസിഡന്റ്, സെക്രട്ടറി,ഭദ്രാസന സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി സിൻഡിക്കേറ്റ് മീറ്റിംഗ് നടത്തപ്പെട്ടു. മീറ്റിങ്ങിന് ഭദ്രാസന പ്രസിഡന്റ് ശ്രീ. ബിബിൻ എബ്രഹാം അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ.സുബിൻ തോമസ് സ്വാഗതം ആശംസിക്കുകയും,ഭദ്രാസന ഡയറക്ടർ ഫാ.ജോബ് പതാലിൽ ആമുഖ സന്ദേശം നൽകുകയും ചെയ്തു. വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഭദ്രാസന തലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളെ പറ്റി ചർച്ചയും, പ്രവർത്തന വർഷത്തെ കർമ്മപരിപാടികളുടെ ആലോചനയും നടത്തപ്പെട്ടു. മീറ്റിങ്ങിന് ഭദ്രാസന വൈസ് പ്രസിഡന്റ് ശ്രീ. ലിന്റോ തോമസ് നന്ദി രേഖപ്പെടുത്തി. മീറ്റിങ്ങിന് എല്ലാ ക്രമീകരണങ്ങളും നൽകി ഭദ്രാസന നേതാക്കന്മാരെ ഹൃദ്യമായി സ്വീകരിച്ച ആഞ്ഞിലികുന്ന് ഇടവകയെയും,വികാരി ബഹുമാനപ്പെട്ട ജോർജ് വർഗീസ് പുതുപ്പറമ്പിൽ അച്ചനെയും നന്ദിയോടെ ഓർക്കുന്നു.

## GLOBAL MEET 2024





എം.സി.വൈ.എം. സഭാതല വാർഷിക സെനറ്റ് സമ്മേളനം ഗ്ലോബൽ മീറ്റ് 2024 ജനുവരി 27, 28 തീയതികളിൽ ബത്തേരി ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. ഗ്ലോബൽ മീറ്റിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി അംഗങ്ങൾ പങ്കെടുക്കുകയും, 2023 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു

***ദിവ്യകാരുണ്യാ നാഥന്റെ മുന്നിൽ അണയാൻ സമയമിതായി പത്തനംതിട്ട ഭദ്രാസന ദിവ്യകാരുണ്യ കോൺഗ്രസിന് പ്രാർത്ഥനാശംസളോടെ ഭദ്രാസന യുവജന കുടുംബം..***




പത്തനംതിട്ട രൂപതയുടെ ആഭിമുഖ്യത്തിൽ ജനുവരി മാസം 26 ന് മൈലപ്രയിൽ വെച്ച് നടത്തപ്പെട്ട ദിവ്യ കാരുണ്യ കോൺഗ്രസിൽ നിറ സാന്നിധ്യമായി യുവജന സഭ പങ്കെടുത്തു. ദിവ്യകാരുണ്യ കോൺഗ്രസിന്റെ ഭാഗമായി നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ ഭദ്രാസനത്തിലെ 100 യുവജനങ്ങൾ വെള്ള വസ്ത്ര ധാരികളായി പങ്കെടുത്തു.

www.malankaralibrary.com

## KAIROS










ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് തല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും,സംഘടനാശക്തി കൂടുതൽ ശക്തമാക്കുന്നതിനും, യുവജനങ്ങളോട് നേരിട്ട് സംവദിക്കുന്നതിനുമായി പത്തനംതിട്ട വൈദിക ജില്ലയിലെ നാരങ്ങാനം, കരിമ്പേക്കൽ യൂണിറ്റുകളും, സീതത്തോട് വൈദിക ജില്ലയിലെ ചിറ്റാർ യൂണിറ്റും, റാന്നി പെരുന്നാട് വൈദിക ജില്ലയിലെ മാമ്പാറ കുരിശുമല യൂണിറ്റും സന്ദർശിച്ചു.

## കെ.സി.വൈ.എം. സംസ്ഥാന വാർഷിക സെനറ്റ്







കോട്ടപ്പുറം രൂപതയുടെ ആതിഥേയത്വത്തിൽ നടത്തുന്ന 46-ാം മത് കെ.സി.വൈ എം സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനത്തിൽ പത്തനംതിട്ട ഭദ്രാസന സമിതി കഴിഞ്ഞ 6 മാസക്കാലത്തെ റിപ്പോർട്ട് അവതരിപ്പിച്ചു

## മനുഷ്യ ജീവന് ഇനിയെങ്കിലും വില കൽപ്പിക്കുക: എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനം




കേരള സംസ്ഥാനത്തിന്റെ കാർഷിക സംസ്കാരത്തിന് അടിത്തറ ഇട്ടവരുടെ ജീവനും ജീവനോപാധിയും വന്യ ജീവികളാൽ വേട്ടയാടപ്പെടുന്നത് അങ്ങേയറ്റം പ്രതിഷേധാർഹം.ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന മനുഷ്യന്റെ ജീവനും, സ്വത്തിനും സംരക്ഷണം നൽകാം എന്ന ഭരണഘടന മൂല്യമാണ് ഇവിടെ ലംഘിക്കപ്പെടുന്നത്.വന്യമൃഗ ആക്രമണങ്ങൾ തുടർക്കഥയാകുമ്പോൾ പൊലിയുന്നത് വിലപ്പെട്ട മനുഷ്യ ജീവനുകളാണ്.മനുഷ്യ ജീവന് ഒരു

www.malankaralibrary.com

വിലയും കൽപ്പിക്കാതെ മൗനം പാലിക്കുന്ന അധികാരികൾ ഈ നാട്ടിലെ സാധാരണക്കാരോട് ഉള്ള വെല്ലുവിളികൂടിയാണ് നടത്തുന്നത്. ഇനിയും എത്ര ജീവനുകൾ പൊലിയണം അധികാരികളുടെ കണ്ണ് തുറക്കുവാൻ ?ഭീതിയോടെ ആണ് ഒരോ മനുഷ്യനും ഇപ്പോൾ ജീവിക്കുന്നത്.ഈ വിഷയത്തിൽ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ യുവജന പ്രസ്ഥാനമായ എം സി വൈ എം പത്തനംതിട്ട ഭദ്രാസനം ശക്തമായ പ്രധിഷേധം രേഖപ്പെടുത്തി. യുവജന നേതാക്കന്മാർ ഈ വിഷയത്തിൽ സാമൂഹിക മാധ്യമങ്ങൾ വഴി പ്രതിഷേധം രേഖപ്പെടുത്തി.

## സായാഹ്ന പ്രതിഷേധ സദസ്സ്




ആരാധനയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന വിധത്തിൽ പള്ളിമുറ്റത്തു അതിക്രമം കാണിക്കുകയും, ചോദ്യം ചെയ്തതിന്റെ പേരിൽ പാലാ രൂപതയിലെ പൂഞ്ഞാർ ഇടവക സഹവികാരി ഫാ .ജോസഫ് ആറ്റുചാലിനെ ആക്രമിക്കുകയും ചെയ്ത സംഭവത്തിൽ പ്രതിഷേധിച്ചും, കുറ്റവാളികൾക്ക് കർശനമായ ശിക്ഷ നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഫെബ്രുവരി, 25-ാം തീയതി ഞായറാഴ്ച്ച വൈകുന്നേരം 5 മണിക്ക് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ സായാഹ്ന പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചു. എം സി വൈ എം പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം അധ്യക്ഷത വഹിച്ച പ്രതിഷേധ സദസ്സ് കേരള കത്തോലിക്ക യുവജനപ്രസ്ഥാന ത്തിന്റെ സംസ്ഥാന ഉപാധ്യക്ഷൻ ഷിബിൻ ഷാജി ഉദ്ഘാടനം ചെയ്തു. ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ ആമുഖ സന്ദേശം നൽകി. ശ്രീ വിശാഖ് വി എൽ, ആൽബിൻ ബെന്നി എന്നിവർ പ്രസംഗിച്ചു. വൈദികർ,ഭദ്രാസന ഭാരവാഹികൾ, യുവജനങ്ങൾ എന്നിവർ പങ്കെടുത്തു.

## എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ യുവജന വർഷ ഉദ്ഘാടനവും, പ്രവർത്തന വർഷ ആരംഭവും നടത്തപ്പെട്ടു.



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ യുവജന വർഷ ഉദ്ഘാടനവും,പ്രവർത്തന വർഷ ആരംഭവും 'INICIO 2024' മാർച്ച് 3-ാം തീയതി റാന്നി പെരുന്നാട് കുരിശുമല തീർത്ഥാടന ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. രാവിലെ 11 മണിക്ക് കുരിശിന്റെ വഴി നടത്തപ്പെട്ടു, ഉച്ചക്കുശേഷം നടന്ന യുവജന സെമിനാറിന് റവ.ഫാ. പ്രദീപ് വാഴത്തറമലയിൽ നേതൃത്വം നൽകി. ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ യുവജന വർഷ ഉദ്ഘാടനം പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ. ഡോ.സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത നിർവഹിച്ചു. പ്രവർത്തന വർഷ ഉദ്ഘാടനം പത്തനംതിട്ട ഭദ്രാസന വികാരി ജനറൽ മോൺ. വർഗീസ് മാത്യു കാലായിൽ വടക്കേതിലും നിർവഹിച്ചു. യുവജന വർഷത്തിന്റെ തുടക്കമായി അഭിവന്ദ്യ പിതാവും,ഭദ്രാസന പ്രസിഡന്റും,5 വൈദിക ജില്ലകളിലെ പ്രസിഡന്റുമാരും ചേർന്ന് യുവജനവർഷ തിരി കത്തിച്ചു. ഭദ്രാസനത്തിലെ നവ വൈദികരെയും, സഭാതല വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അക്സ രാജനെയും,മാമ്പാറ യൂണിറ്റിനെയും ആദരിച്ചു.ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ 2024-25 പ്രവർത്തന വർഷത്തേക്കുള്ള ഏകീകൃത രജിസ്റ്ററിന്റെ പ്രകാശനവും വേദിയിൽ വച്ച് നടത്തപ്പെട്ടു. റാന്നി പെരുന്നാട് വൈദിക ജില്ലാ വികാരി റവ. ഫാ. പോൾ നിലയ്ക്കൽ തെക്കേതിൽ,ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ,ഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ, ആനിമേറ്റർ സി. ജോവാൻ എസ്.ഐ.സി., ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറർ വിശാഖ് വി.എൽ, ജില്ലാ പ്രസിഡന്റ് ഷിബിൻ ഷാജി, യൂണിറ്റ് പ്രസിഡന്റ് ഹെലൻ മേരി സണ്ണി , എന്നിവർ സംസാരിച്ചു.ഭദ്രാസനത്തിലെ വിവിധ യൂണിറ്റുകളിൽ നിന്നായി 300 ഓളം യുവജനങ്ങൾ പങ്കെടുത്തു.ഭദ്രാസന ഭാരവാഹികൾ, റാന്നി പെരുന്നാട് വൈദിക ജില്ലാ ഭാരവാഹിക, മാമ്പാറ യൂണിറ്റിലെ യുവജനങ്ങൾ എന്നിവർ നേതൃത്വം നൽകി.

www.malankaralibrary.com

## SWAG



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റുകളിലെ യുവജന നേതാക്കന്മാർക്കായി നടത്തപ്പെടുന്ന നേതൃ പരിശീലനം "SWAG" പത്തനംതിട്ട വൈദിക ജില്ലയിൽ നിന്ന് തുടക്കം കുറിച്ചു. ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച തോന്ന്യാമല സെന്റ്.മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട പ്രോഗ്രാമിൽ വിവിധ യൂണിറ്റുകളിൽ നിന്നായി 60 ഓളം യുവജനങ്ങൾ പങ്കെടുത്തു.

## ആദരവ്







ബഥനി മിശിഹാനുകരണ സന്യാസ സമൂഹത്തിന് വേണ്ടി നവാഭിഷിക്തനായ പത്തനംതിട്ട ഭദ്രാസന അംഗം ഫാ. ഡെറിൻ പുതുപ്പറമ്പിൽ OICയെയും, പത്തനംതിട്ട ഭദ്രാസന ത്തിന് വേണ്ടി വൈദിക പട്ടം സ്വീകരിച്ച ഫാ. ഐവാൻ പുതുപ്പറമ്പിലിനെയും, എം.സി.വൈ.എം സഭാതല വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അക്സ രാജനെയും 'INICIO 2k24' വേദിയിൽ വച്ച് ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ. ഡോ.സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത യുവജന കുടുംബത്തിനുവേണ്ടി ആദരിച്ചു.

## കുരിശിന്റെ വഴി



പരിശുദ്ധ സഭ വലിയ നോമ്പിന്റെ പുണ്യ ദിനങ്ങളിലൂടെ കടന്ന് പോകുമ്പോൾ എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കുരിശുമല വാരാചരണത്തിന്റെ ഭാഗമായി 2024 മാർച്ച് 3-ാം തീയതി ക്രിസ്തുവിന്റെ പീഡാസഹനങ്ങളെ അനുസ്മരിച്ച് കുരിശിന്റെ വഴി നടത്തി.ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ ആമുഖ സന്ദേശം നൽകി.ഭദ്രാസന സെനറ്റ് അംഗങ്ങൾ , യുവജനങ്ങൾ എന്നിവർ കുരിശിന്റെ വഴിയിൽ പ്രാർത്ഥനാപൂർവ്വം സംബന്ധിച്ചു.

## ടാസ്ക് ഫോഴ്സ്




കേരള സോഷ്യൽ സർവീസ് ഫോറം ആന്റി- ഡ്രഗ്സ് ടാസ്ക്ക് ഫോഴ്സ് രൂപീകരിക്കുന്നതിന്റെ ഭാഗമായി സജീവം എന്ന പേരിൽ സോഷ്യൽ സർവീസ് സൊസൈറ്റി കരിത്താസ് ഇന്ത്യയുമായി ചേർന്ന് ട്രെയിനിങ് നടത്തപ്പെട്ടു. 2024 മാർച്ച് 12 ന് കോട്ടയം അമോസ് സെന്ററിൽ വെച്ച് നടത്തപ്പെട്ട ട്രെയിനിങ് പ്രോഗ്രാമിൽ എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിനെ പ്രതിനിധീകരിച്ച് ഭദ്രാസന വൈസ് പ്രസിഡന്റ് ശ്രീ.ലിന്റോ തോമസ്,സെക്രട്ടറി ശ്രീ.ആൽബിൻ ബെന്നി എന്നിവർ പങ്കെടുത്തു.

www.malankaralibrary.com

## ക്രൈസ്തവ വിശ്വാസികളെ അധിക്ഷേപിച്ച് ഫേസ്ബുക്ക് പോസ്റ്റ്; ശ്രീ.തോമസ് ഐസക്ക് പ്രസ്താവന പിൻവലിക്കുക :




പൂഞ്ഞാർ സംഭവത്തെ മുൻനിർത്തി ക്രൈസ്തവരെ അധിക്ഷേപിച്ച് ഫേസ്ബുക്കിൽ പോസ്റ്റിട്ട പത്തനംതിട്ട ലോക്സഭാ മണ്ഡലം എൽ.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ തോമസ് ഐസക്ക് പോസ്റ്റ് പിൻവലിച്ച് മാപ്പ് പറയണമെന്ന് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി ആവശ്യപ്പെട്ടു. ക്രൈസ്തവരുടെ സ്വയം പ്രതിരോധം കലാപാഹ്വാനമായി ചിത്രീകരിക്കുന്നത് സമുദായത്തോടുള്ള വെല്ലുവിളിയാണ്. കേവലം വോട്ടിനു വേണ്ടി പ്രീണന രാഷ്ട്രീയവുമായി മുന്നോട്ട് പോയാൽ ജനാധിപത്യ രീതിയിൽ തക്കതായ തിരിച്ചടികൾ നേരിടേണ്ടി വരും.മുഖ്യമന്ത്രി പോലും തെമ്മാടിത്തരം എന്ന് വിശേഷിപ്പിച്ച സംഭവത്തെ നാല് വോട്ടിനു വേണ്ടി ന്യായീകരിക്കുന്ന ശ്രീ.തോമസ് ഐസക്ക് എൽ.ഡി.എഫ് ന്റെ തന്നെ ഭാഗമാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ ശക്തമായ പ്രതിഷേധം അറിയിച്ചു.

## ഏകീകൃത രജിസ്റ്റർ

എം സി വൈ എം പ്രസ്ഥാനത്തിന്റെ വിവിധ തലങ്ങളിൽ ഉള്ള പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനും, മീറ്റിംഗുകളുടെ മിനിട്സ്, റിപ്പോർട്ട് കണക്ക് ഇത്യാദി എഴുതുന്നതിനുമായി എം സി വൈ എം പത്തനംതിട്ട ഭദ്രാസന സമിതി ഏകീകൃത രജിസ്റ്റർ പുറത്തിറക്കി.

## രക്ഷാകരം




പുണ്യമുള്ള നോമ്പിന്റെ 50 ദിനങ്ങളിൽ ക്രിസ്തു നടന്നു നീങ്ങിയ വഴികളിലൂടെ... ബേതലഹേം മുതൽ കാൽവരി വരെ അവന്റെ ജീവിത പാതയിലൂടെ നോമ്പിന്റെ ദിനങ്ങളിൽ പ്രാർത്ഥനയോടെ ആയിരിക്കുവാൻ ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നോമ്പുകാല ചിന്തകൾ പങ്കുവെയ്ക്കപ്പെട്ടു.

## പത്തനംതിട്ട ബൈബിൾ കൺവൻഷൻ




2024 മാർച്ച് 15 മുതൽ 19 വരെ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന ബൈബിൾ കൺവൻഷനിൽ എല്ലാദിവസങ്ങളിലും വോളണ്ടിയേഴ്സ് ആയി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾ നേതൃത്വം നൽകി. ഏവരെയും നന്ദിയോടെ ഓർക്കുന്നു.

## ആശംസകൾ..........













## ആദരാഞ്ജലികൾ....




## UPCOMMING EVENTS









# വൈദിക ജില്ല വാർത്തകൾ

## പന്തളം വൈദിക ജില്ല



പന്തളം വൈദികജില്ലയുടെ രക്ഷാധികാരി വന്ദ്യ ഡാനിയേൽ കുഴിത്തടത്തിൽ കോർ എപ്പിസ്കോപ്പയുമായി ജില്ലാ ഭാരവാഹികൾ ഫെബ്രുവരി 11 ന് പന്തളം ദേവാലയത്തിൽ ഔദ്യോഗിക കൂടിക്കാഴ്ച നടത്തി. ജില്ലയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

### പ്രവർത്തന വർഷ ഉദ്ഘാടനം 'മിഗ്ദോൽ 2024'




എം.സി.വൈ.എം പന്തളം വൈദിക ജില്ലയുടെ പ്രവർത്തന വർഷ ഉദ്ഘാടനം 'മിഗ്ദോൽ 2024'ഫെബ്രുവരി 25ന് പന്തളം സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്ക ദേവാലയത്തിൽ നടത്തപെട്ടു.ജില്ലാ വികാരി വന്ദ്യ ഡാനിയേൽ കുഴിത്തടത്തിൽ കോർ എപ്പിസ്കോപ്പ ഉദ്ഘാടനം നിർവഹിച്ചു.ജില്ലാ ഡയറക്ടർ റവ.ഫാ സാം വെങ്ങാട്ടൂർ കർമപദ്ധതി പ്രകാശനം ചെയ്തു.റവ. ഫാ ജിനു കൂടത്തിനാൽ, റവ ഫാ.സാമൂവേൽ തെക്കേക്കാവിനാൽ, സിസ്റ്റർ ഷാരോൺ എസ്ഐസി, മുൻ ഭദ്രാസന പ്രസിഡന്റ് അജോഷ് എം തോമസ് എന്നിവർ ആശംസകൾ അറിയിച്ചു.

### തിരുനിണപ്പാടുകൾ



പരിശുദ്ധ വലിയ നോമ്പിന്റെ ദിവസങ്ങളിലൂടെ കടന്ന് പോകുമ്പോൾ കാൽവരിയിൽ സ്നേഹയാഗമായ ക്രിസ്തുദേവന്റെ പീഡാനുഭവങ്ങൾ അനുസ്മരിച്ചു കൊണ്ട് എം സി വൈ എം പന്തളം വൈദീക ജില്ലയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു. മാർച്ച്മാസം 8-ാം തീയതി വെള്ളിയാഴ്ച തട്ട സെന്റ് ആന്റണീസ് ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ട കുരിശിന്റെ വഴിക്ക് റവ.ഫാ ഐവാൻ പുതുപ്പറമ്പിൽ നേതൃത്വം നൽകി.




എം.സി.വൈ.എം പന്തളം വൈദിക ജില്ലയുടെ നേതൃത്വത്തിൽ 22/03/2024 വെള്ളിയാഴ്ച ചീക്കനാൽ ആശ്വാസഭവൻ സന്ദർശിക്കുകയും അവിടുത്തെ കുഞ്ഞുങ്ങളോടൊപ്പം കുറച്ചു സമയം ചിലവഴിക്കുകയും ചെയ്തു. പരിശുദ്ധ നോമ്പിന്റെ പുണ്യ ദിവസങ്ങളിലൂടെ കടന്നുപോകുമ്പോൾ പന്തളം വൈദിക ജില്ലയിലെ യുവജനങ്ങൾക് അവിടുത്തെ കുഞ്ഞുങ്ങൾക്ക് ഒരു കൈത്താങ് ആകാൻ ദൈവാനുഗ്രഹത്താൽ സാധിച്ചു.

www.malankaralibrary.com

### തിരുനിണപ്പാടുകൾ



പരിശുദ്ധ വലിയ നോമ്പിന്റെ ദിവസങ്ങളിലൂടെ കടന്ന് പോകുമ്പോൾ കാൽവരിയിൽ സ്നേഹയാഗമായ ക്രിസ്തുദേവന്റെ പീഡാനുഭവങ്ങൾ അനുസ്മരിച്ചു കൊണ്ട് എം.സി.വൈ.എം. പന്തളം വൈദിക ജില്ലയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു. മാർച്ച്മാസം 24-ാം തീയതി തട്ട സെന്റ് ആന്റണീസ് ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ട കുരിശിന്റെ വഴിക്ക് വന്ദ്യ ഡാനിയേൽ കുഴിത്തടത്തിൽ കോർ എപ്പിസ്കോപ്പയും ബ്രദർ അലനും നേതൃത്വം നൽകി.




*VISITA 2k24 9 യൂണിറ്റുകൾ ജില്ലാ സമിതി സന്ദർശിച്ചു.*

## റാന്നി പെരുന്നാട് വൈദിക ജില്ല



റാന്നി പെരുന്നാട് വൈദിക ജില്ലാ രക്ഷാധികാരിയായി സ്ഥാനമേറ്റെടുത്ത ബഹു ഫാ.പോൾ നിലയ്ക്കൽ തെക്കേതിലിനെ എം.സി.വൈ.എം റാന്നി പെരുനാട് വൈദിക ജില്ലാ കുടുംബത്തിലേക്ക് നൽകി സ്വീകരിച്ചു.

### *Coffee with Officials*



ജില്ലയുടെ പ്രവർത്തനങ്ങൾ കൂടുതൽ ചടുലവും, ഊർജ്ജസ്വലവും ആക്കുന്നതിന് വേണ്ടിയും, ജില്ലയുടെ 24-25 വർഷത്തെ കർമ്മ പരിപാടികൾ ആലോചിച്ച് നടപ്പിലാക്കുന്നതിനുമായി ഫെബ്രുവരി 11-ാം തീയതി ഉച്ചയ്ക്ക് ശേഷം 2.30 ന് തോട്ടമൺ ദൈവാലയത്തിൽ വച്ച് കോഫീ വിത്ത് ഒഫീഷ്യൽസ് എന്ന പേരിൽ ഒരു ആലോചന മീറ്റിംഗ് ക്രമീകരിച്ചു.

### പ്രതിഷേധം



പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ തിരുകർമ്മങ്ങൾ തടസ്സപ്പെടുത്തുകയും വൈദികനെ ആക്രമിക്കുകയും ചെയ്ത കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് എം സി വൈ എം റാന്നി പെരുനാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ മാമ്പാറ ദൈവാലയ ത്തിൽ വെച്ച് പ്രതിഷേധാഗ്നി സംഘടിപ്പിച്ചു

www.malankaralibrary.com

### *Drop of Life*

രക്തദാനത്തിൽ യുവജനങ്ങളെ കൂടുതൽ പങ്കാളികളാക്കുക, രക്ത ദാനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എം.സി.വൈ.എം റാന്നി പെരുനാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ DROP OF LIFE എന്ന പേരിൽ ഒരു **BLOOD DONATION CELL** രൂപീകരിച്ചു

## കോന്നി വൈദിക ജില്ല



### വാർഷിക സെനറ്റ് സമ്മേളനം

എം. സി. വൈ. എം കോന്നി വൈദിക ജില്ലയുടെ വാർഷിക സെനറ്റ് സമ്മേളനം 7/1/2024 ളാക്കൂർ കാരുണ്യ ഭവനിൽ വച്ച് നടത്തപ്പെട്ടു. 21 യൂണിറ്റുകളിൽ നിന്ന് 140 ൽ പരം യുവജനങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു. ജില്ലാ വികാരി വെരി. റവ. ഫാ. വർഗീസ്സ് കൈതോൺ സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. 20 യൂണിറ്റുകൾ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. തുടർന്ന് ജില്ലയുടെ വാർഷിക റിപ്പോർട്ട്, കണക്ക് എന്നിവ ജില്ലാ സെക്രട്ടറി അവതരിപ്പിച്ചു. ജില്ലാ റിപ്പോർട്ട്, കണക്ക് പാസാക്കിയതിനു ശേഷം സംഘടനാ ചർച്ചയും പൊതു തെരഞ്ഞെടുപ്പ് നടത്തപ്പെട്ടു

### സിൻഡിക്കേറ്റ് മീറ്റിംഗ്




പ്രവർത്തന വീഥിയിൽ എന്നും മുന്നേറുന്ന കോന്നിയുടെ മണ്ണിൽ പുത്തൻ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുവാൻ , ഫെബ്രുവരി മാസം 4 തീയതി ഉച്ചയ്ക്ക് ശേഷം 3.00 ന് ഇളപ്പുപാറ ദൈവാലയത്തിൽ വച്ച് യൂണിറ്റ് പ്രസിഡന്റ്,സെക്രട്ടറി, ജില്ല സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി സിൻഡിക്കേറ്റ് മീറ്റിംഗ് നടത്തപ്പെട്ടു

### La Esperanza
### പ്രവർത്തന വർഷ ഉദ്ഘാടനം



18/2/2024 ഞായർ 1:30 ന് ഊട്ടുപാറ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട പ്രവർത്തന വർഷ ഉദ്ഘാടന വേദിയിൽ തുടക്കം തന്നെ അനുഗ്രഹ പ്രഭാഷണം നൽകി അഭിവന്ദ്യ യുഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത ആശിർവദിച്ചു. സമ്മേളത്തിന് ജില്ല പ്രസിഡന്റ്പ്രിൻസ് റെജി അദ്ധ്യക്ഷപദം അലങ്കരിക്കുകയും, കർമ്മപദ്ധതി ഉദ്ഘാടനം ജില്ല വികാരി റവ. ഫാ. വർഗീസ് കൈതോൺ നിർവഹിക്കുകയും, ഫാ പ്രിൻസ് കോയിക്കൽ കർമപദ്ധതി പ്രകാശനം ചെയ്യുകയും ചെയ്തു

### PUT A CAPTION



മാർച്ച്8 ലോക വനിതാ ദിനത്തോട് അനുബന്ധിച്ച് സ്ത്രീ ശാക്തീകരണത്തിന്റെ നല്ല സന്ദേശം യുവജനങ്ങളിലേക്ക് പകരുവാനും,കലാവാസന വർധിപ്പിക്കുവാനും വേണ്ടി ഓൺലൈൻനായി അടിക്കുറിപ്പ് മത്സരം നടത്തപ്പെട്ടു. 100ൽ പരം മത്സരാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു

### ഷെഹീമോ നൈറ്റ്വിജിൽ



24/2/2024 ശനി വൈകുന്നേരം 6:30ന് കോന്നി ദൈവാലയത്തിൽവച്ച് എം. സി. വൈ. എം കോന്നി വൈദിക ജില്ലയിലെ യുവജനങ്ങളെ ദിവ്യകാരുണ്യത്തോട് ചേർത്ത് നിർത്തുക എന്ന ലക്ഷ്യത്തോടെ ആരാധന നടത്തപ്പെട്ടു. 150 ൽ പരം യുവജനങ്ങൾ ആ വൈകിയ വേളയിലും ഈശോയോട് ഒപ്പമായിരുന്നു

### DROP



ഓരോ തുള്ളി രക്തത്തിലും ഓരോ ജീവന്റെ തുടിപ്പാണ് ഉള്ളത് എന്ന് മനസ്സിലാക്കി എം. സി. വൈ. എം കോന്നി വൈദിക ജില്ല നടത്തി വരുന്ന BLOOD DONATION ഇതുവരെ 12 യൂണിറ്റ് ബ്ലഡ് കൊടുക്കുവാൻ സാധിച്ചു

### ബ്ലെഡ് ബാങ്ക് ക്യാമ്പയിൻ

ഭദ്രാസന സമതിയുടെ നേതൃത്വത്തിൽ ഏകീകൃത ബ്ലഡ്ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി വൈദിക ജില്ലാ തലത്തിൽ ബ്ലെഡ് ബാങ്ക് രൂപീകരിച്ചു.

### Job vacancy Chanel

എം. സി. വൈ. എം കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ തൊഴിൽ അന്വേഷിക്കുന്നവർക്ക് തൊഴിൽ കണ്ടെത്തി നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ ചാനൽ മുന്നോട്ട് പോകുന്നത് . ഒരു ദിവസം കുറഞ്ഞത് 15 ജോലിയൊഴിവുകൾ വീതം ചാനലിൽ പോസ്റ്റ് ചെയ്യുന്നുണ്ട്.

### Ordination day




എം സി വൈ എം കോന്നി വൈദിക ജില്ലയെ മുൻപോട്ട് നയിക്കുന്ന റവ ഫാ. മാത്യു പേഴുംമൂട്ടിന്റെ പൗരോഹിത്യ ജീവിതത്തിന്റെ 10 വർഷം ആഘോഷിച്ചു

### CAS (Come And See)



എം.സി. വൈ. എം. കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ വൈദിക ജില്ലയുടെയും , യൂണിന്റെയും പ്രവർത്തനം വിലയിരുത്തുവാൻ വേണ്ടി ഊട്ടുപാറ യൂണിറ്റ് വിസിറ്റ് ചെയ്തു

www.malankaralibrary.com

## പത്തനംതിട്ട വൈദിക ജില്ല

### ഗത്സമെൻ

വലിയ നോമ്പിനോട് അനുബന്ധിച്ചു നോമ്പ് കാല ചിന്തകൾ വീഡിയോ പ്രസന്റേഷൻ നടത്തപെട്ടു.

### ചാറ്റ് വിത്ത് യൂണിറ്റ്സ്

യൂണിറ്റുകളെ കൂടുതൽ ആർജ്ജവത്തോടെ ചേർത്ത് നിർത്തുക എന്ന് ലക്ഷ്യത്തോടെ യൂണിറ്റ് സന്ദർശനം നടത്തി വരുന്നു.

### TIKWAH 2k24



എം.സി. വൈ. എം പത്തനംതിട്ട വൈദിക ജില്ലയുടെ 2024 - 25 പ്രവർത്തന വർഷം കർമ്മപദ്ധതി പ്രകാശനം TIKWAH 2k24,ഫെബ്രുവരി 25 തീയതി തോന്ന്യാമല സെന്റ് മേരീസ് മലങ്കര കാത്തോലിക്ക പള്ളിയിൽ വെച്ച് നടത്തപെട്ടു.ജില്ലാ പ്രസിഡന്റ് ക്രിസ്റ്റിൻ ഷിബുവിന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ ജില്ലാ വികാരി ഫാ : ജോൺസൺ പാറയ്ക്കൽ കർമ്മപദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. എം. സി. വൈ. എം പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ : ജോബ് പതാലിലും ഭദ്രാസന പ്രസിഡന്റ്ബിബിൻ എബ്രഹാമും ചേർന്ന് കർമ്മപദ്ധതി പ്രകാശനം നിർവഹിച്ചു. തദ്ധവസരത്തിൽ എം. സി.വൈ. എം പത്തനംതിട്ട വൈദിക ജില്ലയിൽ നിന്നും സഭാതല വൈസ് പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട അക്സ രാജന് വൈദിക ജില്ലയുടെ ആദരവ് അറിയിച്ചു. ജില്ലാ വികാരിയായി സ്ഥാനം ഏറ്റെടുത്ത ജോൺസൺ പാറയ്ക്കൽ അച്ചനെ ജില്ലാ കുടുംബത്തിലേക്ക് ഔദ്യോഗികമായി സ്വാഗതം ചെയ്‌തു. അതേതുടർന്ന് ഭദ്രാസന സമിതിയുടെ നേതൃത്വപരിശീലനം SWAG 2K24 നടത്തപെട്ടു.വിവിധ യൂണിറ്റുകളിൽ നിന്നായി യുവജനങ്ങൾ പങ്കെടുത്തു.

## സീതത്തോട് വൈദിക ജില്ല

### കർമ്മ പദ്ധതി ഉദ്ഘാടനം




എം.സി.വൈ.എം സീതത്തോട് വൈദിക ജില്ലയുടെ 2024 വർഷത്തെ കർമപദ്ധതി ഉദ്ഘാടനവും പരീക്ഷ ഒരുക്കധ്യാനവും ഫെബ്രുവരി മാസം പതിനെട്ടാം തീയതി ചിറ്റാർ ഇടവകയിൽ വെച്ച് നടത്തപ്പെട്ടു. വൈദീക ജില്ലാ പ്രസിഡന്റ് ശ്രീ.നിജിൻ അദ്ധ്യക്ഷത വഹിച്ച പൊതു സമ്മേളനത്തിൽ കർമ്മപദ്ധതി പത്തനംതിട്ട രൂപതയുടെ വികാരി ജനറൽ മോൺ.വർഗീസ് മാത്യു കാലായിൽ വടക്കേതിൽ പ്രകാശനം ചെയ്തു.സീതത്തോട് വൈദിക ജില്ലാ വികാരി വെരി.റവ.ഫാ ഗീവർഗീസ് പാലമൂട്ടിൽ, വൈദിക ജില്ല ഡയറക്ടർ ഫാ.ഫിലിപ്പോസ് ചരിവുപുരയിടത്തിൽ എന്നിവർ പ്രസംഗിച്ചു.

### എം. സി. വൈ. എം.
### പത്തനംതിട്ട ഭദ്രാസന സമിതി 2024 – 2025



www.malankaralibrary.com

# MCYM പത്തനംതിട്ട ഭദ്രാസനം INICIO 2K24

## കർമ്മപദ്ധതി - 2024

| | | |
|---|---|---|
| ഫെബ്രുവരി | | രക്ഷാകരം - നോമ്പുകാല ധ്യാന ചിന്തകൾ |
| | | ELYSIAN - നോമ്പുകാല ചാരിറ്റി |
| മാർച്ച് | 3 | INICIO 2k24 |
| | | യുവജന വർഷ ഉദ്ഘാടനവും, |
| | | പ്രവർത്തന വർഷ ആരംഭവും |
| ഏപ്രിൽ | 21 | എഗയ്റോ |
| | | വനിതാ സംഗമം & ക്യാൻസർ രോഗികൾക്ക് കേശദാനം |
| | | ഐഡി കാർഡ് ക്യാമ്പെയിൻ |
| മെയ് | 4 | Igesia - ലീഡേഴ്സ് മീറ്റ് |
| ജൂൺ | | പച്ചപ്പ് - പരിസ്ഥിതി ദിനാചാരണം |
| | 9 | മാർ ഈവാനിയോസ് ക്വിസ് |
| | | Break the Chains |
| | | ലഹരി വിരുദ്ധ ദിനാചരണം |
| ജൂലൈ | | പദയാത്ര ഒരുക്കധ്യാനം |
| | | തീർത്ഥാടന പദയാത്ര |
| ഓഗസ്റ്റ് | 4 | വിയാനി ഡേ |
| | 9,10 | അർദ്ധ വാർഷിക സെനറ്റ് |
| | 20 | തൂലിക |
| സെപ്റ്റംബർ | 1 | സമസ്യ ഗ്രാൻഡ് ഫിനാലെ |
| | | എട്ടുനോമ്പ് ആചരണം |
| | 17 | Sportsia - സ്പോർട്സ് മീറ്റ് |
| ഒക്ടോബർ | 6 | EPIC 2K24 - ഭദ്രാസന യുവജന സംഗമം |
| നവംബർ | 9 | യുവോത്സവം |
| ഡിസംബർ | 14 | SMASH - മാർ ഗ്രിഗോറിയോസ് ബാഡ്മിന്റൺ |
| | | LIFT up - പ്രവാസി യുവജന സംഗമം |
| | 29 | ബോൺ നതാലേ (X'mas Eve) |
| | | വാർഷിക സെനറ്റ് |



### പൊതു പരിപാടികൾ

SWAG - നേതൃ പരിശീലനം | Philia 2k24 ചാരിറ്റി | Kairos - യൂണിറ്റ് വിസിറ്റ്
SANCTA VIA - തീർത്ഥാടന യാത്ര | Kadosh - ഡെയിലി ബൈബിൾ റീഡിങ്
എന്ന് സ്വന്തം ഈശോ- നൈറ്റ് വിജിൽ | ചാറ്റ് വിത്ത് ബിഷപ്പ്
Energeia - സംവാദം | Blood Bank



www.malankaralibrary.com
മലങ്കര സുറിയാനി
കത്തോലിക്ക സഭയ്ക്ക്
പുണ്യദിനം...
പരിശുദ്ധ സിംഹാസനം
ആർച്ചു ബിഷപ്പ് ഗീവർഗ്ഗീസ് മാർ
ഈവാനിയോസ് പിതാവിനെ
ധന്യൻ പദവിയിലേക്ക് ഉയർത്തി
എംസിവൈഎം
പത്തനംതിട്ട ഭദ്രാസനം
വന്ദ്യ പിതാവേ
ഞങ്ങൾക്ക് വേണ്ടി
പ്രാർത്ഥിക്കേണമെ...
MCYM
പത്തനംതിട്ട
ഭദ്രാസനം